⇨ ആ സന്നിഗ്ദാവസ്ഥയുടെ മൂർദ്ധന്യത്തിൽ വച്ച് അവൾ മൊഴിയുന്നു ⇨

# 'ഇൻവെസ്റ്റ് ഇൻ ഗോൾഡ് ബിലീവ് ഇൻ ഗോഡ്'

തൃശൂർ കറന്റ്ബുക്സിന്റെ 'കാലാതീതം' എന്ന പുസ്തകത്തിന്റെ പ്രകാശനത്തോട നുബന്ധിച്ച് നടന്ന കോലാഹലങ്ങൾ അനാവൃതമാക്കിയത് എന്തെല്ലാം 'വിശ്വാസ' ങ്ങളെയാണ്? തകർത്തുകളഞ്ഞത് ആരുടെയെല്ലാം വിശ്വാസ്യതകളെയാണ്?

**എസ്. നാരായണൻ**

**അരമണിക്കൂറിനിടയിൽ** തന്നെ രണ്ടും മൂന്നും തവണ ആവർത്തിച്ച് കാണിക്കുന്ന ഒരു ജ്വല്ലറി പരസ്യം കാണികളെ അലോസരപ്പെടുത്തിക്കൊണ്ട് ഈയിടെയായി ടി.വിയിൽ നിരന്തരം പ്രക്ഷേപണം ചെയ്യുന്നുണ്ട്. പരസ്യം കണ്ടാൽ ടി.വി എറിഞ്ഞുടയ്ക്കാൻ തോന്നുമെങ്കിലും ഈ കാലത്തിന്റെ കാഴ്ച്ചപ്പാടുകളെ കൃത്യമായും മനസ്സിലാക്കാൻ ഉപകരിക്കും എന്നൊരു ഗുണം ആ പരസ്യത്തിനുണ്ട്. 'ഇന്ന് തീയതി പത്തായി, പെട്ടെന്നാവണം തീരുമാനം' എന്ന് ഗൗരവ പ്രകൃതിയും പുരുഷകേസരിയുമായ ഗൃഹനാഥൻ ഒരു താക്കീതെന്നോണം ഭക്ഷണ വേളയിൽ പറയുന്നതോടെയാണ് പരസ്യം തുടങ്ങുന്നത്. വധുവായ മൂത്തമകൾ അച്ഛന്റെ വാക്കുകേട്ട് ആകെ അസ്വസ്ഥയാകുന്നു. അവളുടെ അസ്വസ്ഥത അമ്മയും അനിയത്തിയും അനിയനും മനസ്സിലാക്കുകയും അത് അവരിലേക്ക് പകരുകയും ചെയ്യുന്നു. ഒരു കോഫീ ഷോപ്പിൽ വച്ച് കൂട്ടുകാരികളോട് അവൾ അസ്വസ്ഥത പങ്കുവയ്ക്കുന്നതാണ് അടുത്ത രംഗം. 'നീ അച്ഛനോട് തുറന്നു പറ' എന്ന് കൂട്ടുകാരികളിൽ ഒരാൾ വല്ലാത്ത വേവലാതിയോടെ അവളെ ഉപദേശിക്കുന്നു. അവൾ കൂടുതൽ അസ്വസ്ഥയാകുന്നു. അടുത്ത രംഗത്തിൽ കുടുംബം ഒരു കാറിനുള്ളിൽ യാത്ര ചെയ്യുകയാണ്. കാറിന്റെ പിൻസീറ്റിലിരുന്ന് അവളുടെ അനിയത്തി എന്തോ അരുതാത്തത് ഉടനെ സംഭവിക്കും എന്ന മുഖഭാവത്തോടെ 'അച്ഛനോട് തുറന്നു പറ' എന്ന് അവളോട് ആവശ്യപ്പെടുന്നു. അവൾ മുഴുവൻ ധൈര്യവും സംഭരിച്ച്, വണ്ടിയോടിക്കുന്ന അച്ഛനോട്, 'അച്ഛാ, എനിക്ക്....' എന്ന് പറഞ്ഞു തുടങ്ങുമ്പോഴേക്കും ഭീകരമായ ശബ്ദത്തോടെ അച്ഛൻ വണ്ടി നടുറോഡിൽ സഡൻ ബ്രേക്കിട്ട് നിർത്തുന്നു. എല്ലാം തകർന്നു എന്ന മട്ടിൽ ഇതിനെല്ലാം സാക്ഷ്യം വഹിച്ച് അമ്മയും കൂടെയുണ്ട്. വണ്ടി ബ്രേക്കിട്ട് നിർത്തി പിറകിലേക്ക് തിരിഞ്ഞ് അതീവ ദേഷ്യത്തോടെ അയാൾ അവളുടെ നേരെ അലറുന്നു: 'നിനക്ക്...' ഈ ഘട്ടങ്ങളിലൊക്കെയും പ്രേക്ഷകർ പ്രതീക്ഷിക്കുന്നത് അവൾക്ക് മറ്റൊരു ചെറുപ്പക്കാരനുമായി അടുപ്പമുണ്ടെന്നോ എനിക്കിപ്പോൾ കല്ല്യാണം വേണ്ടെന്നോ പോലെയുള്ള അവളുടെ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തുമെന്നാണ്. ആ സന്നിഗ്ദാവസ്ഥയുടെ മൂർദ്ധന്യത്തിൽ വച്ച് അവൾ മൊഴിയുന്നു: 'എനിക്ക്...എനിക്ക് സ്വർണ്ണം ചെമ്മണ്ണൂർ ജ്വല്ലറിയിൽ നിന്നു മതി'. അവിടേക്ക് തന്നെയല്ലേ നമ്മൾ പോകുന്നതെന്ന് വെളുക്കെ ചിരിച്ചുകൊണ്ട് അച്ഛൻ പറയുന്നതോടെ എല്ലാവരുടെയും ശ്വാസഗതി സാധാരണ നിലയിലാകുന്നു.

തുടർന്ന് വിശ്വാസത്തെപ്പറ്റിയുള്ള ഗീർവാണങ്ങൾ അച്ഛന്റെ വായിൽ നിന്നും പ്രവഹിക്കുകയായി. മകൾക്ക് ചെമ്മണ്ണൂർ ജ്വല്ലറിയോടുള്ള വിശ്വാസം തന്നെ അയാൾക്ക് വരന്റെ കാര്യത്തിലും ഉണ്ടത്രേ. എല്ലാറ്റിന്റെയും അവസാനമായി ജ്വല്ലറിക്കാരന്റെ മുദ്രാവാക്യവും എത്തുന്നു: 'ഇൻവെസ്റ്റ് ഇൻ ഗോൾഡ്, ബിലീവ് ഇൻ ഗോഡ്'.

ഇതേ വിശ്വാസത്തെ മുൻനിർത്തിക്കൊണ്ട് തൃശൂരിൽ നിന്നുതന്നെ കല്യാൺ ജ്വല്ലേഴ്സിന്റേതായി വന്ന പരസ്യം മറക്കാറായിട്ടില്ല. പ്രശസ്ത സാമൂഹിക പരിഷ്കർത്താവും സ്ത്രീ വിമോചന പോരാളിയും കേരള സർക്കാറിന്റെ ജൈവകൃഷി അംബാസിഡറുമൊക്കെയായ മഞ്ജു വാര്യരാണ് ആ പരസ്യത്തിൽ അഭിനയിച്ചത്. താൻ ഇറങ്ങി വരാമെന്ന് വാക്കുകൊടുത്ത് കാമുകനെ പെരുവഴിയിൽ നിർത്തിയിട്ട് പൊന്നും പണവും സുരക്ഷിതത്വവും മോഹിച്ച് അച്ഛന്റെ മാറിൽ തലചായ്ക്കുന്ന നായികയായിരുന്നു ആ പരസ്യത്തിലുണ്ടായിരുന്നത്. ആ പരസ്യത്തിന്റേയും ആപ്തവാക്യം 'വിശ്വാസം, അതല്ലേ എല്ലാം' എന്നുതന്നെ.

തൃശൂരിനെ സംബന്ധിച്ച് വിശ്വാസം എന്നത് സ്വർണ്ണക്കച്ചവടത്തിൽ മാത്രം ഒതുങ്ങുന്നതല്ല. ബിസിനസ്സ് സ്വർണ്ണത്തിന്റേതായാലും ഗ്രന്ഥത്തിന്റേതായാലും വിശ്വാസം വിട്ടുള്ള ഒരു കളി തൃശൂരിലില്ല. അത് പുസ്തക പ്രസാധനത്തിലേക്കും പ്രകാശന ചടങ്ങിലേക്കും എന്തിന്, എഴുത്തുകാരിലേക്ക് തന്നെയും നീളുന്നതാണ്. പുസ്തക മുതലാളിക്ക് എഴുതുന്നയാളിലും എഴുതുന്നയാൾക്ക് മുതലാളിയിലുമുള്ള വിശ്വാസം അരക്കിട്ടുറപ്പിക്കുന്ന വിധത്തിലുള്ള ചടങ്ങായിരുന്നു തൃശൂർ കറന്റ് ബുക്സിന്റെ 'കാലാതീതം' എന്ന പുസ്തകത്തിന്റെ പ്രകാശനത്തോടനുബന്ധിച്ച് തൃശൂർ സാഹിത്യ അക്കാദമിയിൽ കഴിഞ്ഞ മാസം അരങ്ങേറിയത്.

മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൾ കലാമും അരുൺ തിവാരിയും ചേർന്നെഴുതിയ 'ട്രാൻസെൻഡൻസ്, മൈ സ്പിരിചൽ എക്സ്പീരിയൻസ് വിത്ത് പ്രമുഖ് സ്വാമിജി' എന്ന പുസ്തകത്തിന്റെ മലയാള പരിഭാഷ പ്രകാശനം ചെയ്യുന്ന ദിവസം സംഘർഷഭരിതമാകുമെന്ന് തലേദിവസം തന്നെ എല്ലാവർക്കുമറിയാമായിരുന്നു. സ്വാമി നാരായൺ പ്രസ്ഥാനത്തിലെ ആചാര്യനായ പ്രമുഖ് സ്വാമി മഹാരാജുമായുള്ള അബ്ദുൾകലാമിന്റെ ആത്മീയ വേഴ്ചകളാണത്രേ പുസ്തകത്തിന്റെ ഉള്ളടക്കം. കറന്റ് ബുക്സ് പുസ്തകം വിവർത്തനം ചെയ്യാൻ ഏൽപ്പിച്ചത് ശ്രീദേവി. എസ്. കർത്തായെയാണ്. പ്രകാശനചടങ്ങിലേക്ക് നിങ്ങൾ വരേണ്ടതില്ല എന്ന് വിവർത്തകയോട് പ്രസാധകർ അറിയിച്ചതോടെയാണ് കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞത്. സ്വാമിയുടെ ആശ്രമത്തിലെ സന്ന്യാസിമാർ ചടങ്ങിൽ പങ്കെടുക്കുന്നുണ്ടെന്നും അവർ സ്ത്രീകളുള്ള വേദി പങ്കിടില്ലെന്നും സ്ത്രീകളുടെ നിഴൽപോലും ദേഹത്ത് തട്ടാതിരിക്കാൻ സദസ്സിന്റെ ആദ്യത്തെ മൂന്ന് വരികളിൽ, കൂടിയ ഇനത്തിൽപ്പെടാത്ത പ്ലസ്ടു ലെവലിലുള്ള, ആത്മൻ ഉണർന്നു തുടങ്ങിയിട്ടില്ലാത്ത ശിഷ്യരെ മാത്രമെ ഇരുത്തുകയുള്ളൂവെന്നും ആശ്രമത്തിൽ നിന്ന് അറിയിച്ചിട്ടുണ്ടെന്നാണ് പങ്കെടുപ്പിക്കാത്തതിന് കാരണമായി പ്രസാധകർ പറഞ്ഞത്. പ്രസാധകരുടെ ഈ നിലപാടിലെ സ്ത്രീവിരുദ്ധതയാണ് വിവർത്തകയെ ചൊടിപ്പിച്ചത്. അവർ ഇതിനെതിരെ ശക്തമായ ഭാഷയിൽ ഫേസ്ബുക്കിൽ പോസ്റ്റിടുകയും മണിക്കൂറുകൾക്കകം അത് വൈറലാവുകയും പ്രതിഷേധം ഇരമ്പുകയും ചെയ്തു. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നെത്തിയ സ്ത്രീകളും ചെറുപ്പക്കാരും സ്ത്രീ സംഘടനകളും, ഇത്തരം സ്ത്രീ വിരുദ്ധരുടെ അഴിഞ്ഞാട്ടം കേരളത്തിൽ നടപ്പില്ലെന്ന് പറഞ്ഞുകൊണ്ട് മുദ്രാവാക്യം വിളികളും പ്ലക്കാർഡുകളുമായി സമ്മേളന വേദി കൈയടക്കുന്ന കാഴ്ചയാണ് പിന്നീട് നടന്നത്.

കാര്യങ്ങൾ പന്തിയല്ലെന്ന് മനസ്സിലാക്കിയ സ്വാമിമാർ, ആത്മനെ മാത്രമല്ല, ആത്മനിരിക്കുന്ന ശരീരക്ഷേത്രത്തെയും രക്ഷപ്പെടുത്താനായി ചടങ്ങിൽ നിന്നും പിന്മാറിയതായി ധീരമായി പ്രഖ്യാപിച്ചു. കേരളത്തിൽ തങ്ങളുടെ വിഹാരം നടപ്പില്ലെന്ന് മനസ്സിലായതോടെ, പുസ്തകം ഏറ്റുവാങ്ങാൻ ഗുജറാത്ത് വഡോദരയിലെ നാരായണാശ്രമത്തിൽ നിന്നെത്തിയ സ്വാമി ബ്രഹ്മവിഹാരിദാസ്ജിയും സംഘവും അടുത്ത വണ്ടിക്ക് സ്ഥലം വിട്ടു. സ്ത്രീകളുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് അധികം തലപുകച്ചിട്ടില്ലെങ്കിലും അവരുടെ മനസ്സിന്റെ ഇളക്കങ്ങളെക്കുറിച്ച് അവരേക്കാളധികം ബോധ്യങ്ങളുള്ള എം.ടി. വാസുദേവൻ നായരും ചടങ്ങിലേക്കില്ലെന്ന് അറിയിച്ചു. പരിപാടിയിൽ വിശിഷ്ടാതിഥിയായി പങ്കെടുക്കാനെത്തിയ അരുൺ തിവാരി കരഞ്ഞു കലങ്ങിയ കണ്ണുകളോടെ പ്രതിഷേധക്കാർക്കിടയിൽ നിന്നും രക്ഷപ്പെട്ട് കാറിനുള്ളിൽ അഭയം പ്രാപിച്ചു. പ്രതിഷേധമുണ്ടാകുമെന്ന ഒരു സൂചനയെങ്കിലും സംഘാടകർ തന്നിരുന്നെങ്കിൽ താൻ വരില്ലായിരുന്നെന്ന് അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നു.

ഇതിനിടയിലാണ് എഴുത്തുകാരി സാറാ ജോസഫ് പ്രത്യക്ഷപ്പെട്ടത്. സ്ത്രീ മുന്നേറ്റത്തിന്റെ മുന്നണിപ്പോരാളിയായ അവരെ കണ്ടതോടെ മറ്റ് ജില്ലകളിൽ നിന്നും പ്രതിഷേധത്തിനെത്തിയവർ തങ്ങളെ നയിക്കാൻ ഒരാളായി എന്ന ധാരണയിൽ അവർക്ക് ചുറ്റും കൂടി.

⇨ കറന്റ് ബുക്സ് പറയുന്നത് അവിശ്വസിക്കേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ലെന്നുമായിരുന്നു ടീച്ചറുടെ നിലപാട് ⇨



പരസ്യത്തിലെ പെൺകുട്ടി 'അച്ഛാ, എനിക്ക്...' എന്നുപറഞ്ഞ് 'സ്വർണ്ണം ചെമ്മണ്ണൂരിൽ നിന്നുമതി' എന്നു മുഴുമിച്ചതുപോലെയായി സാറാ ടീച്ചറുടെ പ്രതികരണം. പരസ്യചിത്രത്തിലെ കുടുംബത്തെപ്പോലെ പുസ്തക മുതലാളിയും മാനേജറും അന്നാദ്യമായി ആശ്വാസനിശ്വാസമുതിർത്തു. സാഹിത്യ സാംസ്കാരിക പരിപാടി കലക്കുന്നതാണോ സംസ്കാരം എന്നാക്രോശിച്ചുകൊണ്ട് പ്രതിഷേധം നടത്തിയവർക്കു നേരെയാണ് ടീച്ചർ പൊട്ടിത്തെറിച്ചത്. ഫേസ്ബുക്കിൽ വന്ന പോസ്റ്റ് വാസ്തവ വിരുദ്ധമാണെന്ന് സംഘാടകരുമായി സംസാരിച്ച് ഉറപ്പാക്കിയ ശേഷമാണ് താനെത്തിയതെന്നും ടീച്ചർ അറിയിച്ചു. പുസ്തക മുതലാളി പറയുന്നതാണോ തങ്ങൾ പറയുന്നതാണോ ടീച്ചർക്ക് വിശ്വാസം എന്നായി ചുറ്റും കൂടിയവർ. ശ്രീദേവിയുടെ ആരോപണം കേട്ടപ്പോൾ തന്നെ പ്രസാധകരുമായി സംസാരിച്ചുവെന്നും യാതൊരു തരത്തിലുള്ള വിലക്കുകളുമില്ലെന്ന് അവർ പറഞ്ഞത് താൻ അവിശ്വസിക്കുന്നില്ലെന്നും ടീച്ചർ അവരോട് മറുപടി പറഞ്ഞു. എഴുത്തുകാരി എന്ന നിലയിൽ വേറൊരു എഴുത്തുകാരിയോടോ വനിതാ പ്രവർത്തക എന്ന നിലയിൽ പുസ്തക പ്രകാശനത്തിൽ പ്രതിഷേധിക്കാൻ വന്ന പെൺകുട്ടികളോടോ അല്ല ടീച്ചർക്ക് വിശ്വാസമുള്ളത്. പരസ്യത്തിലെ പെൺകുട്ടിക്ക് ചെമ്മണ്ണൂർ ജ്വല്ലറിയുടെ സ്വർണ്ണത്തിലും, അച്ഛന് ജീവിതകാലം മുഴുവൻ സംരക്ഷിക്കുന്ന വരനിലും ഉള്ള വിശ്വാസം തന്നെ ടീച്ചർക്ക് കറന്റ് ബുക്സിലുമുണ്ട്. വിശ്വാസ പ്രതിസന്ധി എവിടെയുമില്ല. ടീച്ചർക്ക് ചോറിങ്ങും കൂറങ്ങുമാണെന്ന് പ്രതിഷേധിക്കാനെത്തിയ പെൺകുട്ടികൾക്ക് മനസ്സിലായി. മുടങ്ങിപ്പോയ പുസ്തക പ്രകാശനം നടത്താൻ പ്രസാധകർ വിളിച്ചതനുസരിച്ചാണ് ടീച്ചർ എത്തിയതെന്ന് കൂടി അറിഞ്ഞതോടെ രോഷാകുലരായ അവർ ടീച്ചർക്ക് ചുറ്റും നിന്ന് അവർക്കെതിരെ 'ഗോ ബാക്ക്' വിളിച്ചു.

പ്രകാശനം നടത്തേണ്ടിയിരുന്ന എം.ടിയും അദ്ധ്യക്ഷനാകേണ്ട ചിത്രൻ നമ്പൂതിരിപ്പാടും വിട്ടുനിന്നിട്ടും തിവാരി കാറിലിരുന്ന് കരഞ്ഞിട്ടും ആസാമിമാർ വരുന്നില്ലെന്ന് അറിയിച്ച് മാറി നിന്നിട്ടും ടീച്ചർ പക്ഷെ വിട്ടുകൊടുത്തില്ല. 'പെണ്ണായ ഞാനും വിറയ്ക്കുന്നില്ല, ആണായ നിങ്ങൾ വിറയ്ക്കുന്നെന്തേ' എന്ന വീര്യത്തോടെതന്നെയാണ് അവർ ചാനൽ ക്യാമറകൾക്ക് നടുവിൽ നിന്നും, പ്രസാധകർക്ക് വേണ്ടി നാവുചുഴറ്റിക്കൊണ്ടിരുന്നത്.

സംഘാടകരുടെ സ്ത്രീവിരുദ്ധ നിലപാടിന് കൂട്ടുനിൽക്കരുതെന്ന് അവിടേക്ക് പ്രതിഷേധിക്കാനെത്തിയ മറ്റൊരു സംഘം വനിതാപ്രവർത്തകർ ടീച്ചറോട് അഭ്യർത്ഥിച്ചെങ്കിലും അതിനും ഒരു ഫലവും ഉണ്ടായില്ല. സ്ത്രീയെ അപമാനിച്ചില്ലെന്ന് ബോധ്യമുണ്ടെന്നും മഹത്തായ പൈതൃകമുള്ള കറന്റ് ബുക്സ് പറയുന്നത് അവിശ്വസിക്കേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ലെന്നുമായിരുന്നു ടീച്ചറുടെ നിലപാട്. സ്ത്രീ വിരുദ്ധ പ്രക്ഷോഭം നയിക്കേണ്ടുന്നതിന്റെ ആവശ്യവും പ്രാധാന്യവും തനിക്ക് അറിയാമെന്ന് പറഞ്ഞ അവർ താൻ ഇന്നലെ മുളച്ച തകരയല്ലെന്നും അറിയിച്ചു. അപ്പോഴെല്ലാം ഇന്നലെ മുളച്ച നൂറുകണക്കിന് തകരകളുടെ കണ്ഠങ്ങളിൽ നിന്ന് അവർക്കെതിരെ ഷെയിം വിളികൾ ഉയരുകയായിരുന്നു. ഇത്തരം അവസ്ഥകൾ മുൻകൂട്ടി കണ്ടിട്ടേയല്ല ഇടശ്ശേരി ഇങ്ങനെ കുറിച്ചിട്ടുള്ളത്.

'താൻവെച്ച തൈമാവുയർന്നു തന്നെ-
ത്താഴ്ത്തിയാലാരതിൽ സ്സന്തപിയ്ക്കും'

രാഷ്ട്രീയ പ്രബുദ്ധതയുള്ള മലയാളി സമൂഹമാണ്, സ്ത്രീകളെ വേദിയിൽ കയറ്റാതെ നടത്തിയെടുക്കാൻ ഉദ്ദേശിച്ച പ്രകാശന ചടങ്ങിനെതിരെ പ്രതിഷേധിച്ച് വിജയിച്ചതെന്ന അഭിപ്രായം കേട്ടപ്പോൾ സാറാ ജോസഫ് ചാനലിലിരുന്ന് പുച്ഛത്തോടെയാണ് അതിനോട് പ്രതികരിച്ചത്. അവിടെ വന്നുചേർന്നത് മത-സാമുദായിക സംഘടനകളിൽപ്പെട്ടവരായിരുന്നുവെന്നും അവിടെ ഒരു സാമുദായിക കലാപം പൊട്ടിപ്പുറപ്പെടുമായിരുന്നെന്നും പറഞ്ഞു

⇨ ആശ്രമത്തെപ്പറ്റി അന്വേഷിക്കാതിരുന്നത് തന്റെ ഭാഗത്തുവന്ന തെറ്റാണെന്നും അവർ തുറന്നുപറഞ്ഞു ⇨

കൊണ്ടാണ് ആ പ്രതിഷേധത്തിന്റെ മുന അവർ ഒടിച്ചുകളയാൻ ശ്രമിച്ചത്. പോലീസിന്റെ സഹായത്തോടെ ബലം പ്രയോഗിച്ച് പ്രകാശനം നടത്തിയിരുന്നെങ്കിൽ ആ വേദിയിൽ ഒരു റയറ്റ് നടക്കുമായിരുന്നുവെന്നും അതിന് തടയിടുകയാണ് സംയമനം പാലിച്ച് പിൻവാങ്ങിയതിലൂടെ കറന്റ് ബുക്സ് ചെയ്തതെന്നും അവർ അവകാശപ്പെട്ടു. നാലാംകിട രാഷ്ട്രീയക്കാരൻ പോലും പറയാൻ അറയ്ക്കുന്ന കുബുദ്ധി അർഹിക്കുന്ന അവജ്ഞയോടെ തന്നെ ചർച്ചയിൽ പങ്കെടുത്തവർ തള്ളിക്കളഞ്ഞു. നിൽക്കക്കള്ളിയില്ലാതെയാകുമ്പോൾ കുളം കലക്കി തന്നേയും തന്റെ സിൽബന്തികളെയും രക്ഷപ്പെടുത്താൻ നോക്കുന്ന പൂഴിക്കടകൻ പോലുള്ള അഭ്യാസമാണ് അവർ പുറത്തെടുത്തത്. ഇത്തരം പ്രതികരണം, കത്തിച്ച തീക്കൊള്ളി ജനങ്ങൾക്കിടയിലേക്ക് വലിച്ചെറിയുന്നതിന് തുല്യമാണെന്നും അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ എത്ര ഗുരുതരമായിരിക്കുമെന്നും അവർക്ക് അറിയാത്തതൊന്നുമല്ല.

പുസ്തക പ്രകാശനം അലങ്കോലമായ ദിവസം എല്ലാ ചാനലുകളും ഈ വിഷയമാണ് ചർച്ചയ്ക്കെടുത്തത്. സ്ത്രീകളെ അകറ്റി നിർത്തണമെന്ന ആവശ്യം ആശ്രമത്തിൽ നിന്ന് ഉണ്ടായിട്ടില്ലെന്ന് കറന്റ് ബുക്സിന്റെ മാനേജർ കെ.ജെ. ജോണി ആവർത്തിച്ചുകൊണ്ടിരുന്നു. ആശ്രമാധികൃതർ സ്ത്രീകളെ വേദിയിലിരുത്താൻ സമ്മതിക്കില്ലെന്നും അതുകൊണ്ട് തന്നോട് വരേണ്ടതില്ലെന്നും ജോണിയാണ് നേരിട്ട് വിളിച്ചു പറഞ്ഞതെന്ന് ശ്രീദേവിയും പറഞ്ഞു. ഇതിലേതെങ്കിലും ഒന്നുമാത്രമേ സത്യമാകാൻ സാധ്യയുള്ളൂ എന്നതിനാൽ അതറിയാനായി റിപ്പോർട്ടറിലെ നികേഷ് കുമാർ എല്ലാ തന്ത്രവും പുറത്തെടുത്തു. അവസാനം ശ്രീദേവിയെക്കൊണ്ടുതന്നെ നേരിട്ട് ജോണിയോട് ചോദിപ്പിച്ചു. 'ഒരു മനുഷ്യൻ എന്ന നിലയ്ക്ക് ഇന്റഗ്രിറ്റി കാണിക്കൂ ജോണീ, നാളെയും മനുഷ്യരുടെ മുഖത്ത് നോക്കേണ്ടതല്ലേ, ഇങ്ങനെ ആത്മവഞ്ചന കാണിക്കാമോ' എന്നൊക്കെ ചോദിച്ചിട്ടും ജോണിക്ക് ഒരേ പല്ലവി മാത്രമേ പറയാനുണ്ടായിരുന്നുള്ളൂ. നികേഷ് കുമാർ തോറ്റ് പിന്മാറിയെങ്കിലും ലക്ഷക്കണക്കിന് പ്രേക്ഷകർക്ക് സത്യം മനസ്സിലായി. കൈരളി ചാനലിന്റെ അവതാരകൻ ഇതേ കാര്യത്തിന് വേണ്ടി അവരുടെ വാർത്താവതരണ സമയം കഴിഞ്ഞിട്ടും സത്യം പുറത്തുവരാനായി ശ്രീദേവിക്ക് ചോദ്യം ചെയ്യാൻ അരമണിക്കൂർ കൂടി അനുവദിച്ചു. 'ഇനി വല്ല നാർക്കോ അനാലിസിസ് ടെസ്റ്റോ മറ്റോ നടത്തേണ്ടിവരും' എന്നു പിറുപിറുത്തുകൊണ്ട് അവതാരകൻ ചർച്ച അവസാനിപ്പിച്ച് ചാനലിന്റെ വാതിലടച്ച് കൊളുത്തിട്ടു.

പിറ്റേന്നത്തെ ടൈംസ് ഓഫ് ഇന്ത്യയിൽ ഇതിനെപ്പറ്റിയുള്ള എല്ലാ സംശയങ്ങളും ദൂരീകരിക്കുന്ന വാർത്തയുണ്ടായിരുന്നു. ഇതിന്റെ നിജസ്ഥിതി അറിയാൻ വേണ്ടി ടൈംസ് ഓഫ് ഇന്ത്യ സമീപിച്ചത്, പുസ്തക പ്രകാശന ചടങ്ങിന്റെ നോട്ടീസിൽ പേര് വച്ചിട്ടുള്ള ആശ്രമവുമായി അടുത്ത ബന്ധമുള്ള പി.ടി. രാജശേഖരനെയായിരുന്നു. ആശ്രമത്തിന്റെ നിഷ്ഠകളും രീതികളും പ്രസാധകരുമായി സംസാരിച്ചിരുന്നെന്നും ആദിശങ്കരന്റെ നാട്ടുകാരെ ഇതൊന്നും പറഞ്ഞ് മനസ്സിലാക്കേണ്ടതില്ലെന്ന് ആശ്രമത്തെ അറിയിച്ചെന്നും രാജശേഖരൻ വ്യക്തമായി പത്രത്തോട് പറഞ്ഞു.

പിറ്റേന്നത്തെ ടൈംസ് ഓഫ് ഇന്ത്യയിൽ ഇതിനെപ്പറ്റിയുള്ള എല്ലാ സംശയങ്ങളും ദൂരീകരിക്കുന്ന വാർത്തയുണ്ടായിരുന്നു. ഇതിന്റെ നിജസ്ഥിതി അറിയാൻ വേണ്ടി ടൈംസ് ഓഫ് ഇന്ത്യ സമീപിച്ചത്, പുസ്തക പ്രകാശന ചടങ്ങിന്റെ നോട്ടീസിൽ പേര് വച്ചിട്ടുള്ള ആശ്രമവുമായി അടുത്ത ബന്ധമുള്ള പി.ടി. രാജശേഖരനെയായിരുന്നു. ആശ്രമത്തിന്റെ നിഷ്ഠകളും രീതികളും പ്രസാധകരുമായി സംസാരിച്ചിരുന്നെന്നും ആദിശങ്കരന്റെ നാട്ടുകാരെ ഇതൊന്നും പറഞ്ഞ് മനസ്സിലാക്കേണ്ടതില്ലെന്ന് ആശ്രമത്തെ അറിയിച്ചെന്നും രാജശേഖരൻ വ്യക്തമായി പത്രത്തോട് പറഞ്ഞു.

സ്ത്രീകളെ നിന്ദിക്കുന്ന ഒരു ആശ്രമത്തെപ്പറ്റിയുള്ള പുസ്തകം എന്തിനാണ് ശ്രീദേവി വിവർത്തനം ചെയ്തതെന്നും അവസാന നിമിഷം മാത്രം എതിർപ്പുമായി രംഗത്തുവരുന്നതിൽ ശരികേടുണ്ടെന്നും ചിലർക്കെങ്കിലും അഭിപ്രായമുണ്ടായിരുന്നു. എല്ലാ സംശയങ്ങളും തീർക്കുന്ന വിശദീകരണം കൊടുക്കാൻ ശ്രീദേവിക്ക് അനായാസം കഴിഞ്ഞു. പുസ്തകത്തിൽ സ്ത്രീ വിരുദ്ധമായി ഒരു വരിപോലുമില്ലെന്നും ആശ്രമത്തെപ്പറ്റി അന്വേഷിക്കാതിരുന്നത് തന്റെ ഭാഗത്തുവന്ന തെറ്റാണെന്നും അവർ തുറന്നുപറഞ്ഞു. ജീവിതകാലം മുഴുവൻ അയൽരാജ്യത്തെ സഹോദരന്മാരുടെ നെഞ്ചിൻകൂട് എങ്ങനെ മിസൈൽ വച്ച് തകർക്കാമെന്ന് ചിന്തിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്ത്, ആത്മീയാന്വേഷണം എന്ന പേരിൽ നാട്ടിലുള്ള സകല ജീർണ്ണസ്ഥാപനങ്ങളിലും കയറിയിറങ്ങി ആൾദൈവങ്ങളുടെ മാറത്തുവീണും പാദങ്ങളിൽ കമഴ്ന്നുകിടന്നും പേക്കൂത്തുകൾ കാണിച്ചു നടന്ന, ഇത്തരം സ്വപ്നങ്ങൾ കാണാൻ

യുവാക്കൾക്ക് ആഹ്വാനം കൊടുത്ത ഒരു വാണശാസ്ത്രജ്ഞന്റെ (അച്ചുതാനന്ദനോട് കടപ്പാട്) പുസ്തകം താനെന്തിന് വിവർത്തനം ചെയ്യണമെന്ന് ഒരു നിമിഷം ശ്രീദേവി ആലോചിക്കേണ്ടതായിരുന്നു.

പുസ്തക പ്രകാശന വിവാദം നടന്നിട്ട് ഒരു മാസത്തിലധികം കഴിഞ്ഞു. നെല്ലും പതിരുമൊക്കെ എല്ലാവരും മനസ്സിലാക്കി. ഇന്ത്യയിലെ മാറിയ സാഹചര്യത്തിൽ, എന്തു വിഴുപ്പുഭാണ്ഡങ്ങളും മലയാളിയുടെ മുതുകത്ത് കയറ്റിവയ്ക്കാം എന്ന പുസ്തക മുതലാളിയുടെയും മാനേജരുടെയും ഹുങ്കും ധാർഷ്ട്യവും മാത്രമാണ് കാര്യങ്ങൾ ഇത്രയും വഷളാക്കിയത് എന്ന് വ്യക്തമായിക്കഴിഞ്ഞു. സ്ത്രീകളെ ഭയപ്പെടുന്നവർ ഏതെങ്കിലും അന്ധകാരം നിറഞ്ഞ ഗുഹകളിൽ കയറിയിരിക്കണമെന്നാണ് സുഗതകുമാരി പറഞ്ഞത്. ഇത് കേരളത്തിന് അപമാനമുണ്ടാക്കിയെന്ന്, സി.വി. രാമൻപിള്ളയെ സി.വി. രാമനാക്കിയ സാംസ്കാരിക വകുപ്പ് മന്ത്രി കെ.സി. ജോസഫ് പോലും അഭിപ്രായപ്പെട്ടു. ഡി.സി ബുക്സിന്റെ സഹോദര സ്ഥാപനമാണ് കറന്റ് ബുക്സ് എന്ന് തെറ്റിദ്ധരിച്ച് ഒരുപാടുപേർ പ്രതിഷേധങ്ങളും ആക്ഷേപങ്ങളും അവർക്കു നേരെയും തിരിച്ചുവിട്ടു. വിമർശനങ്ങൾ സഹിക്കാനാകാതെ വന്നപ്പോൾ തങ്ങൾക്ക് കറന്റ് ബുക്സുമായി ഒരു ബന്ധവുമില്ലെന്ന് രവി. ഡി.സിക്ക് പരസ്യപ്രസ്താവന തന്നെ ഇറക്കേണ്ടി വന്നു. ആശ്രമത്തിൽ നിന്നും ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ വരുമ്പോൾ തന്നെ അതിനെ എതിർക്കാനുള്ള നട്ടെല്ല് പ്രസാധകർ കാണിക്കാത്തതാണ് എല്ലാറ്റിനും കാരണമെന്നും അദ്ദേഹം പറഞ്ഞു. പ്രസാധകർ എഴുത്തുകാരിയോട് മാപ്പുചോദിച്ചതായി അറിയിച്ചിട്ടും, തന്നെ ആരും സ്ത്രീ വിമോചനത്തപ്പെറ്റി പഠിപ്പിക്കേണ്ടെന്ന് പറഞ്ഞുകൊണ്ട് കറന്റ് ബുക്സിന്റെ മഹത്തായ പൈതൃകത്തെപ്പറ്റി സംസാരിക്കുകയാണ് സാറാ ജോസഫ് ചെയ്തുകൊണ്ടിരുന്നത്. പുസ്തക പ്രകാശനത്തെ എതിർത്തവർ കാളപെറ്റെന്ന് കേട്ടപ്പോഴേക്കും കയറെടുക്കുകയാണ് ചെയ്തതെന്ന് ആക്ഷേപം ചൊരിഞ്ഞ ടീച്ചർ തന്റെ രണ്ടു കൈകളിലും കാളയ്ക്കും കുട്ടിക്കുമുള്ള കയറുകൾ ഏൽപ്പിച്ചുവിട്ടവരെപ്പറ്റി സംശയിച്ചതേയില്ല.

ശോഭാ സിറ്റിയിൽ വച്ച് ചന്ദ്രബോസ് എന്ന സെക്യൂരിറ്റി ജീവനക്കാരനെ കോടീശ്വരനായ മുഹമ്മദ് നിസാം കാറിടിച്ച് കൊലപ്പെടുത്തിയതിന്റെ വിചാരണ ഇപ്പോൾ കോടതിയിൽ നടന്നുകൊണ്ടിരിക്കുകയാണല്ലോ. ആദ്യ ദിവസം തന്നെ ഒന്നാം സാക്ഷി, നിസാമിന് അനുകൂലമായി മൊഴിമാറ്റിപ്പറഞ്ഞു. സാധാരണക്കാർ കൂടുന്ന ചായക്കടകളിലും മറ്റും അതിനെക്കുറിച്ചുള്ള പ്രതികരണം ഉണ്ടായി. പണത്തിന് മീതെ പരുന്തും പറക്കില്ലെന്നും സത്യം ഒരുകാലത്തും പുറത്തുവരാൻ പോകുന്നില്ലെന്നുമൊക്കെയായിരുന്നു എല്ലാവരും അഭിപ്രായപ്പെട്ടത്. നുണ പറഞ്ഞതിന്റെ കുറ്റബോധം സഹിക്കാനാകാതെ പിറ്റേ ദിവസം ഒന്നാം സാക്ഷി വീണ്ടും മൊഴിമാറ്റി. കണ്ട കാര്യങ്ങൾ വള്ളി പുള്ളി വ്യത്യാസമില്ലാതെ അയാൾ കോടതി മുമ്പാകെ ബോധിപ്പിച്ചു. ഇതിനെപ്പറ്റിയുള്ള ചർച്ചയും പിറ്റേന്ന് കേൾക്കാനിടയായി. ഏതു തടസ്സങ്ങളേയും മറികടന്ന് സത്യം ഒരുനാൾ പുലരുക തന്നെ ചെയ്യുമെന്നും എത്ര പൊന്നും പണവും കൊണ്ട് മൂടിയാലും കുറ്റവാളി രക്ഷപ്പെടില്ലെന്നുമായി അന്നത്തെ സംഭാഷണ വിഷയം. തലേന്ന് തങ്ങൾ മറിച്ചു പറഞ്ഞതായി അവരിൽ ആർക്കും തന്നെ ഓർമ്മയില്ലായിരുന്നു. തങ്ങളാണ് മൊഴിമാറ്റുന്നത് എന്നറിയാതെ അവർ ഒന്നാം സാക്ഷിയെ മൊഴിമാറ്റുന്നതിന്റെ പേരിൽ പഴിച്ചുകൊണ്ടിരുന്നു.

സാധാരണ മനുഷ്യരുടെ ഈ നിഷ്കളങ്കതയും സത്യസന്ധതയുമാണ് സാഹിത്യ സാംസ്കാരിക രംഗത്തുള്ളവർക്ക് ഇല്ലാതെ പോകുന്നത്. തങ്ങളുടെ നിലനിൽപ്പുമായി ബന്ധപ്പെട്ട കാര്യമാണെങ്കിൽ ഈ താപ്പാനകൾ ആർക്കുവേണ്ടിയും വാദിക്കും. സത്യം മനസ്സിലായാലും തിരുത്തലുകൾ പ്രതീക്ഷിക്കരുത്. തങ്ങൾക്ക് എന്തെങ്കിലും നഷ്ടപ്പെടും എന്നുവന്നാലെ മറിച്ചൊരഭിപ്രായം പറയൂ. കവി വെറുതെയല്ല ഇങ്ങനെ പാടിയത്.

മലകളിളകിലും
മഹാജനാനാം
മനമിളകാ...

## വാൽക്കഷ്ണം

വി.കെ.എന്നിന്റെ 'ഒരാഴ്ച' എന്ന നോവൽ. അതിലെ നായകൻ പുസ്തക പ്രസാധകനായ ഇട്ടൂപ്പ് മുതലാളിയാണ്. ഇലക്ട്രിക് ബുക്സ് എന്നാണ് സ്ഥാപനത്തിന്റെ പേര്. തൃശൂരുകാരനായ ഇട്ടൂപ്പ് ഡൽഹിയിൽ ചെന്ന് തൃശൂർഭാഷ പറഞ്ഞ് വിഹരിക്കുന്നതും പുസ്തകബിസിനസ്സ് വ്യാപിപ്പിക്കുന്നതുമാണ് നോവലിലെ പ്രതിപാദ്യവിഷയം. വിമാനത്താവളത്തിൽ നിന്നുതന്നെ ഇട്ടൂപ്പിന്റെ കൂടെ സുഹൃത്ത് പയ്യനും കൂടിയിട്ടുണ്ട്. ഒരു ഭക്ഷണശാലയിൽ വച്ച് ഇട്ടൂപ്പ് സുഹൃത്തും എഴുത്തുകാരനുമായ മിസ്റ്റർ നായരെ കണ്ടുമുട്ടുന്നു. ഒരു സ്ഥാപനത്തിലും ജോലി ചെയ്യാതെ ഫ്രീലാൻസ് പത്രപ്രവർത്തനവുമായി കഴിഞ്ഞുകൂടുകയാണെന്ന് നായർ ഇട്ടൂപ്പിനോട് പറയുന്നു. "ഇപ്പോ സ്വതന്ത്രനാണ്".

ഇതിന് ഇട്ടൂപ്പ് മുതലാളിയുടെ പെട്ടെന്നുള്ള പ്രതികരണം ഇങ്ങനെയായിരുന്നു. "സ്വതന്ത്രനായാ, എങ്ങനേഡാ ചോറുണ്ണണെ?". ■